കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തിലെ കുരിക്കുഴി കടവിൽ ക്വട്ടേഷൻ വ്യവസ്ഥയിൽ കടത്തുകാരനായി ജോലി ചെയ്തുവരുന്ന ശ്രീ. എൻ.പരമേശ്വരൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A 1060/15 നമ്പർ കേസ്സിന്റെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സഉ(സാധാ) നം.**528/2016**/തസ്വഭവ തീയതി,തിരുവനന്തപുരം, **09/02/2016**

---

പരാമർശം : 1) OA 1060/15 നമ്പർകേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30/06/2015 ലെ വിധിന്യായം.

2) ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 03/11/2015 ലെ എസ്-3/5854/2015 നമ്പർ കത്ത്,

## <u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തിലെ കുരിക്കുഴി കടവിൽ ക്വട്ടേഷൻ വ്യവസ്ഥയിൽ കടത്തുകാരനായി ജോലി ചെയ്തുവരുന്ന ശ്രീ. എൻ.പരമേശ്വരൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ നമ്പർ 1060/2015 മേലുള്ള 30/06/2015 തീയതിയിലെ വിധിന്യായത്തിൽ, അപേക്ഷകൻ A15, A16 നിവേദനങ്ങളിൽ ഉന്നയിച്ചിരിക്കുന്ന പ്രകാരം ടിയാന്റെ നിയമനക്രമവൽക്കരണം സംബന്ധിച്ച വിഷയത്തിൽ ഒന്നാം കക്ഷിയായ സർക്കാർ ടിയാനെ നേരിൽ കേട്ടതിന് ശേഷം തീരുമാനമെടുക്കാൻ പരാമർശം 1 പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

മേൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 13/10/2015 ൽ പരാതിക്കാരനായ ശ്രീ. എൻ.പരമേശ്വരനെ നേരിൽക്കേൾക്കുകയുണ്ടായി. കുരിക്കുഴി കടവിൽ പാലം പണി നടന്നു വരികയാണെന്ന് 30/04/2014 ലെ പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിൽ(Ann-A14) പരാമർശിച്ചിരുന്നു. പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരും ആയത് സ്ഥിരീകരിക്കുകയുണ്ടായി. പാലം പണി പൂർത്തിയായി കഴിഞ്ഞാൽ കടത്തിനും അതോടൊപ്പം

കടത്തുകാരന്റെ തസ്തികയ്ക്കും യാതൊരു പ്രസക്തിയും ഉണ്ടാവില്ല. കൂടാതെ ശ്രീ പരമേശ്വരൻ ക്വട്ടേഷൻ വ്യവസ്ഥ പ്രകാരം വർഷങ്ങളായി കുറഞ്ഞ ക്വട്ടേഷൻ സമർപ്പിക്കുന്ന ആളാണെന്നും ദിവസവേതനാടിസ്ഥാനത്തിൽ ഫെറിമാനായി ജോലിനോക്കുന്ന ആളല്ലെന്നും കുരിക്കുഴി കടവിൽ പാലം പണി ഏകദേശം പൂർത്തിയായി എന്നും ടി പഞ്ചായത്തിൽ മറ്റ് കടത്തുകൾ ഒന്നും തന്നെയില്ലെന്നും ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 2 ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തിലെ കുരിക്കുഴി കടവിൽ പാലം പണി പൂർത്തിയാകാറായ സാഹചര്യത്തിലും, ferryman/part time ferryman തസ്തിക പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാലും കുരിക്കുഴി കടവിൽ ക്വട്ടേഷൻ വ്യവസ്ഥയിൽ കടത്തുകാരനായി ജോലി ചെയ്തുവരുന്ന ശ്രീ. എൻ.പരമേശ്വരനെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30/06/2015 ലെ വിധിന്യായം ഇപ്രകാരം പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി.എസ്**
**ഗവ. അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
സെക്രട്ടറി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് ,കൊല്ലം.
ശ്രീ.പരമേശ്വരൻ, കടത്തുകാരൻ, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്,കൊല്ലം. (ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ